(ബി) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് രണ്ടാം ഭാഷയായി ഇംഗ്ലീഷ് പേപ്പർ ഒന്നും പേപ്പർ രണ്ടും മാത്രമാണ് നിലവിലുള്ളത്.

നാടാർ- മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ്

41(441) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. വി. എ. മജീദ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നാടാർ-മുസ്ലീം വിദ്യാർത്ഥിനികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് തുക ഓരോ അദ്ധ്യായനവർഷവും ആരംഭിക്കുമ്പോൾ തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ ഇനത്തിൽ കുടിശ്ശികതുക എത്ര എന്ന് വെളിപ്പെടുത്താമോ ;

(സി) ഈ തുക വിതരണം ചെയ്യുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ഇനത്തിൽ ഏകദേശം അഞ്ചുകോടി ഏഴുലക്ഷം രൂപ കുടിശ്ശികയുണ്ട്.

(സി) നാടാർ, മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് വിതരണത്തിനായി 236 ലക്ഷം രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. കുടിശ്ശികയുടെ ഒരുഭാഗം ഇതിൽനിന്നും വിതരണം ചെയ്യുന്നതാണ്. ബാക്കി വേണ്ടിവരുന്ന തുക അഡീഷണൽ ആതറൈസേഷൻ വഴി കണ്ടെത്തുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

റെഡ്ക്രോസ് ക്ലബ്ബുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ

42(442) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ റെഡ്ക്രോസ് ക്ലബ്ബുകൾ സമാരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ റെഡ്ക്രോസ് ക്ലബുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) റെഡ്ക്രോസ് ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും വിപുലവുമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഹെൽത്ത് ക്ളബുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) താഴെപ്പറയുന്ന മൂന്ന് രംഗങ്ങളിൽ കുട്ടികൾക്ക് ആവശ്യമായ അവബോധവും പരിശീലനവും നൽകുകയെന്നതാണ് ഹെൽത്ത് ക്ളബുകളുടെ ഉദ്ദേശ്യം.

1. പൊതുവായ ബോധവൽക്കരണം:— ഇതിൽ ആരോഗ്യ സംബന്ധമായ വിഷയങ്ങളും പോഷകാഹാരം, ശുദ്ധജലം, പരിസര ശുചിത്വം, വ്യക്തി ശുചിത്വം, വ്യായാമം, വിശ്രമം ഇവയുടെ പ്രാധാന്യത്തെ സംബന്ധിച്ച് ബോധവൽക്കരണവും ഉൾപ്പെടുന്നു.

2. വ്യക്തിത്വ വികസനം:— ഇതിൽ നേതൃത്വ പരിശീലനം, വ്യക്തിശുചിത്വം, പരിസര ശുചിത്വം എന്നിവ ഉൾപ്പെടുന്നു.

3. ആരോഗ്യ പ്രവർത്തനങ്ങൾ:— ഇതിൽ കുട്ടികൾക്കിടയിൽ സാധാരണമായ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള പരിശീലനവും കുടുംബാക്ഷേമ പരിപാടിയെ സംബന്ധിച്ച് ബോധവൽക്കരണവും പ്രാഥമ ശുശ്രൂഷയിലുള്ള പരിശീലനവും ഔഷധച്ചെടികൾ നട്ടുവളർത്തി സംക്ഷിക്കുന്നതിനുള്ള ബോധവൽക്കരണവും ഉൾപ്പെടുന്നു.

(സി) സ്കൂൾ ഹെൽത്ത് ക്ളബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതു ഉദ്ദേശിച്ചുകൊണ്ടുള്ള മാർഗ്ഗരേഖ ഇതിനകം തയ്യാറാക്കുകയും വിദ്യാഭ്യാസ ഓഫീസർമാർക്ക് ഇതു സംബന്ധിച്ച് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയിൽ ഹെൽത്ത് ക്ലബ്ബുകളെ സംബന്ധിക്കുന്ന നിയമാവലി, ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ, ലഘുലേഖനങ്ങൾ എന്നീ മൂന്നു ഭാഗങ്ങളാണ് ഉള്ളത്. ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട വകുപ്പുകൾ , സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ എന്നിവരുമായി ചർച്ച ചെയ്തതിനു ശേഷമാണ് മാർഗ്ഗരേഖയ്ക്ക് രൂപം കൊടുത്തിട്ടുള്ളത്. ഇതു സംബന്ധിച്ച നിയമാവലി അനുസരിച്ച് സ്കൂൾ, സബ്ജില്ല, ജില്ല, സംസ്ഥാനം എന്നീ തലങ്ങളിൽ ഹെൽത്ത് ക്ലബ്ബ് അസോസിയേഷൻ രൂപീകരിക്കേണ്ടതാണ്. സ്കൂൾ തലത്തിൽ പരിശീലനം ലഭിച്ച ഒരു വ്യക്തി ഹെൽത്ത് ക്ളബ്ബിന്റെ സ്പോൺസർ ആയിരിക്കും. സബ്ജില്ലാ തലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു അദ്ധ്യാപകൻ സബ്ജില്ലാതലപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള സെക്രട്ടറിയായി പ്രവർത്തിക്കും. ജില്ലാതലത്തിലുള്ള പ്രവർത്തനം സംഘടിപ്പിക്കുന്നതിന് ഹൈസ്ക്കൂളിലെ ഒരദ്ധ്യാപകനെ സെക്രട്ടറിയായി തെരെഞ്ഞെടുക്കുന്നതാണ്. സംസ്ഥാന തലത്തിൽ ഡയറക്ടറേറ്റിലെ ഒരു ഉദ്യോഗസ്ഥൻ അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടറിയായി പ്രവർത്തിക്കുന്നതാണ്. ഓരോ തലത്തിലും രൂപീകരിക്കുന്ന അസോസിയേഷന്റെ അദ്ധ്യക്ഷൻ യഥാക്രമം സ്കൂൾ ഹെഡ്മാസ്റ്റർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവർ ആയിരിക്കും. എസ്.സി.ഇ.ആർ.റ്റിയുടെ നേതൃത്വത്തിലാണ് മാർഗ്ഗരേഖ തയ്യാറാക്കി അച്ചടിച്ച് വിതരണം ചെയ്തിട്ടുള്ളത്.

കൂടുതലായി പ്ലസ് ടൂ സീറ്റുകൾ അനുവദിക്കുന്നതിന് നടപടി

43(444) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷം എത്ര വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായി എന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് പ്ലസ് ടൂ വിന് ഈ വർഷം എത്ര സീറ്റുകൾ നിലവിലുണ്ട് ;

(സി) ഓരോ ഗ്രൂപ്പിലും എത്ര പ്ലസ് ടൂ സീറ്റുകളുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) ഓരോ ജില്ലയിലും എത്ര പ്ലസ് ടൂ സീറ്റുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഓരോ ജില്ലയിലും വിവിധ കോളേജുകളിലായി നിലവിലുള്ള പ്രീഡിഗ്രി സീറ്റുകളുടെ എണ്ണം വ്യക്തമാക്കാമോ ;

(എഫ്) നിലവിലുള്ള പ്രീഡിഗ്രി സീറ്റുകളുടെയും അനുവദിച്ച പ്ലസ് ടൂ സീറ്റുകളുടെയും തമ്മിലുള്ള അന്തരം ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 3,08,484 വിദ്യാർത്ഥികൾ ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായി.

(ബി) 142750 സീറ്റുകൾ ലഭ്യമാണ്.

(സി-ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) പ്രീഡിഗ്രിയിൽ ഡീലിങ്കു ചെയ്ത സീറ്റുകളുടെ എണ്ണത്തേക്കാൾ കൂടുതൽ സീറ്റുകൾ പ്ലസ് ടൂ വിൽ അനുവദിച്ചിട്ടുണ്ട്.

പ്ലസ് ടൂ കോഴ്സിൽ സംസ്കൃതം പഠിക്കുന്നതിന് അവസരം

44(446) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്ലസ് ടൂ കോഴ്സിൽ സംസ്കൃതം ഓപ്ഷണലായി പഠിക്കുന്നതിന് അവസരമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly